# പൊതുമരാമത്ത് പരാതി പരിഹാര സെൽ ഫലപ്രദമാകുന്നു : മന്ത്രി ജി. സുധാകരൻ

പൊതുമരാമത്ത് വകുപ്പിന്റെ പരാതി പരിഹാര സെൽ പ്രവർത്തനം ഫലപ്രദമാകുന്നതായി മന്ത്രി ജി.സുധാകരൻ അറിയിച്ചു. മുൻകാലങ്ങളിൽ പരാതികളോട് നിസംഗത പുലർത്തിയിരുന്ന ഉദ്യോഗസ്ഥർ ഇപ്പോൾ ഉടനടി ഇടപെടുന്നതായി ജനങ്ങളിൽ നിന്നും പ്രതികരണം ലഭിക്കുന്നതായി മന്ത്രി പറഞ്ഞു.

ഏറ്റവുമൊടുവിൽ എറണാകുളം ജില്ലയിലെ കിഴക്കൻ മേഖലയായ കോതമംഗലം നിയോജക മണ്ഡലത്തിലെ തേങ്കോട് ഗ്രാമവാസികൾ ഉന്നയിച്ച പരാതിക്ക് 24 മണിക്കൂറിനുള്ളിൽ ഉദ്യോഗസ്ഥരിൽ നിന്നും അനുകൂല നടപടി ഉണ്ടായതായി അറിയിച്ചിരിക്കുന്നു. പരാതി പരിഹാര സെൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് മന്ത്രി തന്നെ ഓരോ മാസത്തിലേയും ആദ്യ ബുധനാഴ്ച വൈകിട്ട് 3.30 മണി മുതൽ 4.30 വരെ നേരിട്ട് പൊതുജനങ്ങളിൽ നിന്ന് പരാതി കേൾക്കുന്നുണ്ട്. ഈ നടപടി വഴി വളരെ നല്ല പ്രതികരണം ജനങ്ങളിൽ നിന്നും ഉണ്ടാകുകയും, ബന്ധപ്പെട്ട എഞ്ചിനീയർമാർ ജാഗ്രതയോടെ നടപടി സ്വീകരിക്കുകയും ചെയ്യുന്നതായും മന്ത്രി അറിയിച്ചു.